ലിറ്ററിന് 25 രൂപ നിരക്കിൽ മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കാൻ നടപടി

88(1345) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഭക്ഷ്യസാധനങ്ങൾ കൂടുതലായി അനുവദിക്കണം എന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ കേന്ദ്രസർക്കാർ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനം സമർപ്പിച്ച നിവേദനങ്ങളുടെയും സംഘടിപ്പിച്ച പ്രക്ഷോഭങ്ങളുടെയും ഫലമായി 2007-08 വർഷത്തിൽ 51000 മെ.ടൺ അരിയും 83667 മെ.ടൺ ഗോതമ്പും 2008-09 വർഷത്തിൽ 146000 മെ.ടൺ അരിയും 20000 മെ.ടൺ ഗോതമ്പും 2009-10-ൽ പ്രതിമാസം 19000 മെ.ടൺ വീതം അരിയും അധികമായി അനുവദിച്ചു വരുന്നു. ഇതുകൂടാതെ 2009 ഓണക്കാലത്ത് 15000 മെ.ടൺ അരി റേഷൻ നിരക്കിലും (8.90 രൂപ) 35000 മെ.ടൺ അരി 14.70 രൂപ വിൽപ്പന നിരക്കിലും 25000 മെ.ടൺ ഗോതമ്പ് 11.60 രൂപ വില്പന നിരക്കിലും വിൽക്കുന്നതിന് അനുവദിക്കുകയുണ്ടായി. 2010 ജനുവരി, ഫെബ്രുവരി മാസങ്ങളിലേക്ക് കിലോഗ്രാമിന് 16.20 രൂപ വില്പന വിലയുള്ള 92114 മെ.ടൺ അരിയും 11.60 രൂപ നിരക്കിലുള്ള 30086 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിക്കുകയുണ്ടായി.

2010-11 വർഷത്തിൽ എ.പി.എൽ. വിഭാഗത്തിന് 2009-10-ലെ അഡ്ഹോക് ആയി പ്രതിമാസം അനുവദിച്ചിരുന്ന 19000 മെ.ടൺ ഉൾപ്പെടെയാണ് അലോട്ട്മെന്റ് അനുവദിച്ചത് (17056+19000=36056). കൂടാതെ എപിഎൽ. വിഭാഗത്തിന് 8.90 രൂപ നിരക്കിൽ 2010 ആഗസ്റ്റ് മുതൽ 2011 ജനുവരി മാസം വരെ പ്രതിമാസം 16319 മെ.ടൺ അരിയും 4188 മെ.ടൺ ഗോതമ്പും അനുവദിച്ചു. 2011 ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലേക്ക് 12.70 രൂപ വില്പന വിലയുള്ള 69158 മെ.ടൺ അരിയും 9.20 വില്പന വിലയുള്ള 29735 മെ.ടൺ ഗോതമ്പും എ.പി. എൽ. വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്.

2010-11 വർഷത്തിൽ ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസമുള്ള 26566 മെ.ടൺ അരിയും 8863 മെ.ടൺ ഗോതമ്പും കൂടാതെ 7-9-2010 മുതൽ 6-3-2011 വരെയുള്ള കാലയളവിലേക്ക് ബി.പി.എൽ. നിരക്കിൽ 47210 മെ.ടൺ അരിയും 12374 മെ.ടൺ ഗോതമ്പും അനുവദിച്ചു. 5-1-2011 മുതൽ 30-6-2011 വരെയുള്ള കാലയളവിലേക്ക് ബി.പി.എൽ. നിരക്കിൽ 47210 മെ.ടൺ അരിയും 12374 മെ.ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ട്. എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം 20855 മെ.ടൺ അരി മുൻകാലങ്ങളിലേതു പോലെ അനുവദിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൂടാതെ എല്ലാ വിഭാഗം കാർഡുടമകൾക്കുമായി 19-5-2010 മുതൽ 31-12-2010 വരെ 12.70 രൂപ വില്പന വിലയുള്ള 105818 മെ.ടൺ അരിയും 9.20 രൂപ വില്പനവിലയുള്ള 48052 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. 2010 ഓണക്കാലത്തേക്ക് 16.20 രൂപ വില്പനവിലയുള്ള 50000 മെ.ടൺ അരിയും അനുവദിച്ചിരുന്നു.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ചെലവഴിച്ച തുക

89(1346) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര സംഖ്യ വീതം ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 18-5-2006-നു ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിച്ച സബ്സിഡി (Under MIO Head).

വർഷം	സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ	അരിക്കട തുക (കോടി)	ഓണക്കിറ്റ് തുക (കോടി)	ആകെ (കോടി)
മേയ്/2006-2007	23.62	*	6.38	30.00
2007-2008	42.92	7.08		50.00
2008-2009	69.32	25.68	(#)10.00	105.00
2009-2010	47.00	24.00	12.00	83.00
2010-2011 (Up to 12/2010)	49.31	10.00	14.31	73.62

* പദ്ധതി നിലവിലില്ലായിരുന്നു.

(#) ഓണക്കിറ്റ് വിതരണം നടത്തിയതിന് കോർപ്പറേഷന് 12 കോടി രൂപ ചെലവായിട്ടുണ്ട്.

പുതുതായി തുടങ്ങിയ മാവേലി സ്റ്റോറുകൾ

90(1347) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങിയ മാവേലി സ്റ്റോറുകളുടെ എണ്ണവും അവ എവിടെയൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ നീതി മെഡിക്കൽ ഷോപ്പുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly